(ബി) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കനുസരിച്ച് 31-12-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 39,00,641 ആണ്.

(സി) ഈ കാലയളവിൽ (1-5-1996 മുതൽ 31-12-1999 വരെ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 72,039 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കാൻ നടപടി

78 (1745) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം. എൽ. എ. യിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രിയിൽ ആയുർവേദ വിഭാഗം ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

ബാലവേലയ്ക്കെതിരെ നിയമഭേദഗതി

79 (1746) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലുവയസ്സിൽ താഴെയുള്ള കുട്ടികളെ വീട്ടുവേല ചെയ്യിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള നിയമഭേദഗതി വരുത്തണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) പതിനാലു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ സർക്കാർ ജീവനക്കാർ വീട്ടുജോലികൾക്കായി നിയോഗിക്കുന്നത് തടയണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചു. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ജീവനക്കാർ ഇപ്രകാരമുള്ള കുട്ടികളെ വീട്ടുജോലിക്ക് നിയോഗിക്കുന്നതു തടഞ്ഞുകൊണ്ട് യുക്തമായ ഭേദഗതി വരുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. തദനുസരണം തയ്യാറാക്കിയ കരട് നിയമഭേദഗതിക്ക് നിയമ വകുപ്പിന്റെയും പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അംഗീകാരം ലഭിക്കുകയും ചെയ്തു. ഇപ്പോൾ കരട് ഭേദഗതി വിജ്ഞാപനം നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി ഭരണ പരിഷ്ക്കാര (ഉപദേശക) വകുപ്പിൽ നിന്നും അയച്ചു കൊടുത്തിരിക്കുന്നതാണ്. ഈ വിഷയം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

വൈദ്യുതി ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ്

80 (1747) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ). ഈ സർക്കാർ വൈദ്യുതി മേഖലയിൽ എത്ര മെഗാവാട്ട് വർദ്ധിച്ച സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട് ;

(ബി) 1996-97 മുതൽ 1999-2000 വരെ ഓരോ വർഷങ്ങളിലും ഉണ്ടായിട്ടുള്ള വർദ്ധന എത്ര മെഗാവാട്ടാണ് ;

(സി) വർദ്ധിച്ച സ്ഥാപിത ശേഷി കൈവരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) 2000 വർഷം അവസാനമാകുമ്പോഴേക്കും വൈദ്യുതി രംഗത്ത് സംസ്ഥാനത്തിന് എന്ത് മിച്ചം ഉണ്ടാകും എന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ പ്രസരണ-വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ എന്തു തുക സർക്കാർ ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 876.10 മെഗാവാട്ട് സ്ഥാപിതശേഷി അധികമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly